# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 4, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

**<u>കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം</u>**

*511 ശ്രീ. റ്റി. വി. രാജേഷ്
,, എസ്. ശർമ്മ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് ; അവയ്ക്കെല്ലാം കൂടി ഓരോ വർഷവും എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അംശദായമായി സർക്കാർ നൽകേണ്ടുന്ന തുകയും അതിനായി നീക്കിവെച്ചിരിക്കുന്ന തുകയും വ്യക്തമാക്കുമോ; ഈ തുക പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സർക്കാർ വിഹിതമായി നൽകേണ്ടതിന്റെ ഒരു ശതമാനത്തിൽ താഴെമാത്രം തുക നീക്കിവെയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ ?

കേരള നിയമസഭ

4.07.2013-ലെ മറുപടിക്ക്

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>ബാലവേല കണ്ടെത്താൻ കർശന പരിശോധന</u>

*512 ശ്രീ. ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുളളക്കുട്ടി
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങളിലും മറ്റ് മേഖലകളിലും ബാലവേല നടക്കുന്നുണ്ടോ എന്നറിയാൻ കർശന പരിശോധന നടത്താൻ നിർദ്ദേശങ്ങൾ നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുളളത്; വിശദമാക്കുമോ;

(സി) ബാലവേല സംബന്ധിച്ചുളള പരാതികൾ അറിയിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുളളത്?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി</u>

*513 ശ്രീ.എളമരം കരീം
ശ്രീമതി കെ.എസ്.സലീഖ
ശ്രീ.കെ.കെ.നാരായണൻ
'' കെ.കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി ലക്ഷ്യം നേടിയോ; വിശദാംശം നൽകാമോ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പാക്കുന്നതിനായി ആവശ്യപ്പെട്ട തുകയും സർക്കാർ അനുവദിച്ച തുകയും വ്യക്തമാക്കുമോ; ഈ തുക കൊണ്ട് പദ്ധതി വിജയകരമായി നടത്താനാകുമോ;

(സി) പേരിനു മാത്രം പദ്ധതി നടപ്പാക്കിയതിനാൽ മരുന്നുകളുടെ മാർക്കറ്റ് വില നിയന്ത്രിക്കുന്നതിൽ ഈ പദ്ധതി വിജയിച്ചില്ലെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; കേരളത്തിൽ കഴിഞ്ഞ വർഷം വിറ്റഴിച്ചതിൽ എത്ര ശതമാനം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിറ്റഴിച്ചുവെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>മതപരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ</u>

*514 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതികളിൽ നിന്നും മതപരിവർത്തനം ചെയ്യപ്പെട്ട വ്യക്തികളും കുടുംബങ്ങളും പട്ടികജാതിക്കാരായ തങ്ങളുടെ മറ്റ് സഹോദരർക്കൊപ്പം ഒരേ കുടുംബ–സാമൂഹ്യ സാഹചര്യങ്ങളിലാണ് കഴിയുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അവരെയും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) എങ്കിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ഭൗമതാപ വർദ്ധനയെ നേരിടുന്നതിന് നടപടികൾ</u>

*515 ശ്രീ. സി. ദിവാകരൻ
'' മുല്ലക്കര രത്നാകരൻ
'' കെ. രാജു
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ താപനില ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നതിനാൽ നദികളിലേയും ജലസംഭരണികളിലേയും ജലത്തിന്റെ അളവിൽ വർഷംതോറും വൻ കുറവുണ്ടാകുമെന്ന് ശാസ്ത്ര പഠനങ്ങൾ തെളിയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാലക്രമത്തിൽ ജലത്തിന്റെ ഈ കുറവ് നേരിടുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പെൺഭ്രൂണഹത്യകൾ തടയുന്നതിന് നടപടി</u>

*T-516 ഡോ. കെ. ടി. ജലീൽ
ശ്രീമതി കെ.കെ. ലതിക
,, കെ.എസ്. സലീഖ
,, പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൺകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും പെൺഭ്രൂണഹത്യകൾ തടയുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പെൺഭ്രൂണഹത്യകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി കരുതുന്നുണ്ടോ;

(സി) സംസ്ഥാനത്ത് സംരക്ഷണം ലഭിക്കാത്തതിനാൽ മരണപ്പെട്ട പെൺകുഞ്ഞുങ്ങളും, ഭ്രൂണഹത്യകളും സംബന്ധിച്ച് കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം

*517 ശ്രീ. കെ. വി. വിജയദാസ്
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയൂർവ്വേദ മരുന്നുകളുടെ ഗുണനിലവാരത്തെക്കുറിച്ചും ഫലപ്രാപ്തിയെക്കുറിച്ചും പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ബി) മദ്യപാനം നിർത്താനെന്നപേരിലും, മദ്യപാനം മൂലമുള്ള കരൾ രോഗത്തിന് പ്രതിവിധി എന്ന പേരിലും വാജീകരണൗഷധമെന്നും വൻ പരസ്യം നൽകി നിരവധി ആയൂർവ്വേദ ചേരുവകൾ വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ഉല്പന്നങ്ങൾ സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ഏജൻസി പരിശോധിച്ച ശേഷമാണോ വിപണിയിലെത്തിക്കുന്നത്;

(ഡി) വ്യാജപരസ്യങ്ങൾ നൽകി മരുന്നുകൾ എന്ന പേരിൽ ഉല്പന്നങ്ങൾ വില്ക്കുന്നവർക്കെതിരെ മാജിക്കൽ റെമഡീസ് ആക്ടിന് കീഴിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരം</u>

*518 ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ.നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുവാൻ സ്വകാര്യ മരുന്നു വിതരണ കമ്പനികളിൽ നിന്നും വാങ്ങുന്ന മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എന്തു സംവിധാനമാണുളളത്;

(ബി) സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകൾ ശരിയായ ഗുണനിലവാരമുളളവ അല്ലെന്ന വസ്തുത കണക്കിലെടുത്ത് അവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ;

(സി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകളുടെ വിതരണം</u>

*519 ശ്രീ. സാജു പോൾ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്കായി അനുവദിച്ച തുക ഇതിന് പര്യാപ്തമാണോ; ഈ പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര തുകയാണ് ആവശ്യപ്പെട്ടിരിക്കുന്നത്; വിശദമാക്കുമോ;

(ബി) മരുന്നു വാങ്ങാനായി ആവശ്യത്തിന് തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകാത്തതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി സെന്ററുകളിലും മരുന്നുക്ഷാമം അനുഭവപ്പെടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷന് നൽകാൻ കുടിശ്ശികയുണ്ടോ; വിശദമാക്കുമോ; തുക യഥാസമയം നൽകാത്തത് കോർപ്പറേഷന്റെ പ്രവർത്തനത്തെ എങ്ങിനെ ബാധിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജനറിക് മരുന്നു വിതരണത്തിന് ചുമത്തപ്പെട്ട സെസ്സിനത്തിൽ ബിവറേജസ് കോർപ്പറേഷനിൽ നിന്നും ഇതുവരെ ലഭിച്ച തുകയും ചെലവഴിച്ച തുകയും വ്യത്യസ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

രോഗാവസ്ഥകൾക്കുളള സാഹചര്യം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതി

*520 ശ്രീ. ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഫീസുകൾ, ഫാക്ടറികൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടത്തെ അനാരോഗ്യാവസ്ഥകൾക്കുളള സാഹചര്യം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതിക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

ഒഡെപെക്–ന്റെ പ്രവർത്തനം

*521 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്
ഡോ: എൻ.ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് (ഒഡെപെക്) ലിമിറ്റഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആയത് എത്രത്തോളം കാര്യക്ഷമമായി പ്രവർത്തിക്കുന്നു; വ്യക്തമാക്കുമോ;

(ബി) തൊഴിൽ രഹിതർക്ക് വിദേശ രാജ്യങ്ങളിൽ ജോലി തരപ്പെടുത്തുന്നതിന് ഒഡെപെക് ലിമിറ്റഡിന്റെ പ്രവർത്തനം എത്രത്തോളം വിജയകരമാണ്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം</u>

*522 ശ്രീ. കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്
'' പി. കെ. ബഷീർ
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഠനം പൂർത്തിയാക്കിയവർക്കുവേണ്ടിയുള്ള അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (എ.എസ്.ഇ.പി) നടപ്പിലാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഏതുതരം പരിശീലന പരിപാടികളാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതി താലൂക്കടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>വെള്ളക്കരം നിശ്ചയിക്കാനും നിയന്ത്രിക്കാനും അതോറിറ്റി</u>

*523 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ
പ്രൊഫ. സി. രവീന്ദ്രനാഥ്
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം നിശ്ചയിക്കാനും നിയന്ത്രിക്കാനും അധികാരം നൽകിക്കൊണ്ട് പ്രത്യേക അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശ്യമുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) വെള്ളത്തെ വില്പനചരക്കാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സമീപനത്തിനെതിരെ സംസ്ഥാനത്ത് ശക്തമായ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

മരുന്നു വ്യാപാര മാഫിയകൾക്കെതിരെ നടപടി

*524 ശ്രീ. എം. എ. ബേബി
'' എ. കെ. ബാലൻ
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നു വ്യാപാരികളുടെ സംഘടനയുടെ നിയമവിരുദ്ധ ഇടപെടലുകൾ ജീവൻരക്ഷാമരുന്നുകൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എന്തെങ്കിലും അന്വേഷണം നടത്തിയോ;

(ബി) ഭരണഘടനപ്രകാരം അവശ്യസാധന നിയമത്തിൻ പരിധിയിൽ വരുന്ന മരുന്നു വില്പന തടയുകയും കൃത്രിമ ക്ഷാമം സൃഷ്ടിക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) ഇവർ ഒരു മാഫിയയായി വളർന്നിട്ടുണ്ടെന്ന് നിയമസഭാ സമിതി മുമ്പ് വിലയിരുത്തിയിട്ടുണ്ടോ; ഇവരെ നിയന്ത്രിക്കാനായി ശക്തമായ നടപടിയെടുക്കാൻ തയ്യാറാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>സന്നദ്ധ രക്ത ദാന പദ്ധതികൾ</u>

*525 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സന്നദ്ധ രക്ത ദാനം നൂറുശതമാനമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) അപകടങ്ങൾ, രോഗങ്ങൾ, ശസ്ത്രക്രിയകൾ, പ്രസവങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട് ഒരു വർഷം എന്തുമാത്രം രക്തമാണ് വേണ്ടി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ സന്നദ്ധ രക്ത ദാതാക്കളിൽ നിന്ന് ഇതിന് പര്യാപ്തമായ രക്തം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) രക്ത ദാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടത്ര പ്രചാരം നൽകുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

*526 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു
'' ബി. സത്യൻ
'' സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിറ്റഴിക്കുന്ന അലോപ്പതി മരുന്നു ബാച്ചുകളിൽ എത്ര ശതമാനം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്; ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) പുതിയ മരുന്നു പരിശോധനാ ലാബുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) ഈ ലാബുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്കായി ആരോഗ്യ താരകം ക്വിസ് പ്രോഗ്രാം</u>

*527 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കായി ആരോഗ്യ താരകം ക്വിസ് പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സ്കൂൾ കുട്ടികളുടെ ആരോഗ്യ ബോധവത്ക്കരണത്തിനായി ഈ പ്രോഗ്രാം എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്; വിശദമാക്കുമോ;

(ഡി) ഇനിയും ഇത്തരം പ്രോഗ്രാമുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>കടൽഭിത്തി നിർമ്മാണം</u>

*528 ശ്രീ. വി. ഡി സതീശൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽഭിത്തി നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ട ധനസഹായം ലഭിക്കുന്നതിനുള്ള അംഗീകാരത്തിനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ പദ്ധതിയിൽ അപകടമരണത്തിന് നഷ്ടപരിഹാരം</u>

*529 ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പുരുഷൻ കടലുണ്ടി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷം വരെ സമഗ്ര ആരോഗ്യ പദ്ധതിയിൽ അപകടമരണത്തിന് നഷ്ടപരിഹാരം നൽകിവന്നിരുന്നത് ഈ വർഷം മുതൽ ലഭ്യമാകാത്തതിന്റെ കാരണം അറിയിക്കുമോ;

(ബി) കഴിഞ്ഞ വർഷം പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചത് ഇതൊഴിവാക്കിക്കൊണ്ടായിരുന്നോ; ദർഘാസ് വിജ്ഞാപനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി വ്യവസ്ഥകളിൽ തന്നിഷ്ട പ്രകാരം മാറ്റം വരുത്തിയ കമ്പനിക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഡി) പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതിന് രാജസ്ഥാൻ സർക്കാർ കരിമ്പട്ടികയിൽപ്പെടുത്തിയ നിലവിലെ കമ്പനിക്ക്, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആഫീസ് വേണമെന്ന നിബന്ധനയിൽ ഇളവ് നൽകിയതിന്റെ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജലഗുണനിലവാര പരിശോധന</u>

*530 ശ്രീ. വര്‍ക്കല കഹാര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, വി. റ്റി. ബല്‍റാം
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജലഗുണനിലവാര പരിശോധന ലാബുകള്‍ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

**കേരള നിയമസഭ**
**4.07.2013–ലെ മറുപടിക്ക്**

<u>തൊഴിൽ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം</u>

*531 ശ്രീ. ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, വി. എസ്. സുനിൽ കുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതലയുള്ള ഏജൻസി ഏതാണ് ;

(സി) ഈ ആവശ്യത്തിലേക്കായി വാങ്ങിയ കമ്പ്യൂട്ടർ ഒന്നിന് എത്ര വിലയായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) കമ്പ്യൂട്ടർ വാങ്ങിയതിൽ അഴിമതിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അഴിമതി നടത്തിയവർക്കെതിരെ എന്തു നടപടികളെടുത്തു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജലവിഭവ വകുപ്പിന്റെ പദ്ധതി വിഹിതം</u>

*532 ശ്രീ. എം. ഹംസ
,, എം. എ. ബേബി
,, കെ. ദാസൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷം സംസ്ഥാനം വരൾച്ചയും കുടിവെള്ളക്ഷാമവും നേരിട്ട സാഹചര്യത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ 465 കോടിയോളം രൂപ ചെലവഴിക്കാനാകാതെ പോയതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഏതൊക്കെ സ്കീമുകൾക്കായി നീക്കിവെച്ചിരുന്ന തുകയാണ് ഇങ്ങനെ ചെലവഴിക്കാതിരുന്നതെന്നും, അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അറിയിക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>അവശ്യ മരുന്നുകൾക്ക് വില നിയന്ത്രണം</u>

*533 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫാർമസ്യൂട്ടിക്കൽ അതോറിറ്റിയുടെ ഉത്തരവ് പ്രകാരം അവശ്യ മരുന്നുകൾക്ക് വില നിയന്ത്രണം നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്ത് എപ്പോൾ മുതൽ വില നിയന്ത്രണം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അവശ്യ മരുന്നുകളുടെ പട്ടികയിലുള്ള എത്രയിനം മരുന്നുകൾക്കാണ് വില നിയന്ത്രണം ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വില നിയന്ത്രണം കേരളത്തിലെ വിപണിയിൽ എത്രത്തോളം വിലക്കുറവ് ഉണ്ടാക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

വിദഗ്ധതൊഴിലാളികളുടെ കുറവ് പരിഹരിക്കാൻ പരിശീലന പരിപാടി

*534 ശ്രീ. എം. ഉമ്മർ
'' എൻ. ഷംസുദ്ദീൻ
'' അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദഗ്ധതൊഴിലാളികളുടെ ആവശ്യകത വർഷം പ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആവശ്യാനുസരണം തൊഴിൽ പരിശീലനം നേടിയ അഭ്യസ്തവിദ്യരെ സജ്ജമാക്കാൻ നമുക്ക് സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ന്യൂനത പരിഹരിക്കാൻ എന്തൊക്കെ തൊഴിൽ പരിശീലന സംവിധാനങ്ങളാണ് പുതുതായി ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ പരിശീലന പരിപാടികളിൽ കാലാനുസൃത മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

പൈപ്പുകളുടെ നിലവാരം

*535 ശ്രീ. വി. ശിവൻകുട്ടി
,, പി. കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന പൈപ്പുകളുടെ നിലവാരം ഏത് ഏജൻസിയാണ് പരിശോധിച്ച് ഉറപ്പുവരുത്തിയിരിക്കുന്നത്;

(ബി) പൈപ്പ് മാഫിയയുടെ സമ്മർദ്ദത്തെ തുടർന്നാണ് വിരമിച്ച ഉദ്യോഗസ്ഥരെ വാട്ടർ അതോറിറ്റി ആസ്ഥാനത്ത് പ്രധാന പോസ്റ്റുകളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളതെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം നഗരത്തിലും അതേപോലെ മറ്റു പല സ്ഥലങ്ങളിലും അടിക്കടിയുണ്ടാകുന്ന പൈപ്പു പൊട്ടലിനെക്കുറിച്ച് മനുഷ്യാവകാശ കമ്മീഷൻ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ സർക്കാർ നൽകിയ വിശദീകരണം അറിയിക്കാമോ;

(ഡി) പുതുതായി സ്ഥാപിക്കുന്ന അരുവിക്കര-തിരുവനന്തപുരം പൈപ്പ്ലൈനിന് ഉപയോഗിക്കുന്ന പൈപ്പുകൾക്ക് ഗുണനിലവാരമില്ലെന്ന പരാതിയെ തുടർന്ന് വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിജിലൻസിന്റെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

രാജീവ് ആരോഗ്യ ശ്രീ

*536 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, കെ.എൻ.എ.ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം.ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആരോഗ്യ ശ്രീ എന്ന പേരിലെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര കുടുംബങ്ങളെയാണ് ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നിശ്ചിത വരുമാന പരിധിക്ക് മുകളിൽ വരുന്നവർ പദ്ധതിയിൽ ചേരുന്നതിന് അടയ്ക്കേണ്ട പ്രീമിയം സംബന്ധിച്ച് വ്യക്തത വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>ജലവിഭവ സംരക്ഷണത്തിന് ജനകീയ പദ്ധതി</u>

*537 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ജനകീയ പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് കൂടുതൽ കാര്യക്ഷമമായ ഒരു ജനകീയ കർമ്മപദ്ധതി ആവിഷ്കരിക്കുമോ ;

(ഡി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് കേന്ദ്രസഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പകർച്ചപ്പനി നേരിടാനായി അധികമായി അനുവദിച്ച തുക</u>

*538 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി നേരിടാനായി സംസ്ഥാന സർക്കാർ അധികമായി അനുവദിച്ച തുക ഇതിന് പര്യാപ്തമായിരുന്നുവോ; ഇവ ഏതൊക്കെ ആവശ്യത്തിനായാണ് വിനിയോഗിച്ചത്; ആരോഗ്യപരിപാലന സംവിധാനം ശക്തിപ്പെടുത്താനായി എന്തെങ്കിലും തുക അനുവദിച്ചിരുന്നോ;

(ബി) മുൻവർഷം സംസ്ഥാന പദ്ധതിയിനത്തിൽ നീക്കിവച്ചിരുന്ന തുകയിൽ 38 കോടിയും കേന്ദ്ര പദ്ധതി സഹായമായി ലഭിച്ച 69 കോടി രൂപയും ചെലവഴിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും ലാബുകൾ ഉൾപ്പെടെയുള്ള പരിശോധനാ സംവിധാനങ്ങളും വിപുലീകരിക്കാനുള്ള ആത്മാർത്ഥമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ അനലറ്റിക് ലാബുകൾ

*539 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ അനലറ്റിക് ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആയതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന പുരോഗതി</u>

*540 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എസ്. ശർമ്മ
,, രാജു എബ്രഹാം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ; ഇതിനായി നീക്കിവെച്ച 25 കോടി രൂപയിൽ എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായ ക്യൂ കോംപ്ലക്സിന് വനംവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇരുനില നടപ്പന്തലിന്റെയും നിലയ്ക്കൽ ബേസ്ക്യാമ്പ് വികസനത്തിനായുമുള്ള പ്രവൃത്തികളുടെയും പുരോഗതി അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 25.

"T" ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്
[ചട്ടം 47(1)].